# SMGUPS POOPPARA

# SCHOOL ACADEMIC MASTER PLAN

## 2025-26

### അടിസ്ഥാന വിവരങ്ങൾ:

വിദ്യാലയത്തിന്റെ പേര് : മരിയഗോരത്തി UPS പൂപ്പാറ.

വിലാസം : കുളപ്പാറച്ചാൽ. P.O മുരിക്കുംതൊട്ടി.

സ്കൂൾ കോഡ് : 30535

വിദ്യാഭ്യാസ ഉപജില്ല : നെടുങ്കണ്ടം.

വിദ്യാഭ്യാസ ജില്ല : കട്ടപ്പന.

റവന്യൂ ജില്ല : ഇടുക്കി.

ബി. ആർ. സി : നെടുങ്കണ്ടം.

ഗ്രാമപഞ്ചായത്ത് : രാജകുമാരി.

ബ്ലോക്ക് പഞ്ചായത്ത് : നെടുങ്കണ്ടം.

ജില്ല പഞ്ചായത്ത് : ഇടുക്കി.

നിയമസഭാ മണ്ഡലം : ഉടുമ്പൻചോല.

താലൂക്ക് : ഉടുമ്പൻചോല.

വില്ലേജ് : രാജകുമാരി.

ഇ. മെയിൽ : mgups pooppara @ gmail.com

## വിദ്യാലയം നിറവിന്റെ കേന്ദ്രം.

→ പാഠ്യപ്രവർത്തനങ്ങളിൽ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം രൂപപ്പെടുത്തൽ.

→ അനുകമ്പ, പരസ്പരസഹകരണം, ശുചിത്വബോധം, പ്രകൃതിസ്നേഹം തുടങ്ങിയ മൂല്യങ്ങൾ രൂപപ്പെടുത്തൽ.

→ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഒരുക്കുന്ന വിദ്യാലയാന്തരീക്ഷം.

→ ജൈവവൈവിധ്യ അവബോധത്തോടെ ജീവിക്കുന്നവരും തലമുറയ്ക്കുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യാതെ കാത്തുസൂക്ഷിക്കുന്നതിലും, കൈമാറ്റം ചെയ്യുന്നതിലുമുള്ള കാഴ്ചപ്പാട് കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് പ്രാപ്തരാക്കൽ.

## പദ്ധതി രൂപീകരണ ഘട്ടങ്ങൾ:

→ SRG യോഗം ചേർന്ന് വിഷയാവതരണം, ചർച്ച.

→ ക്ലാസ്സ്, വിഷയം അടിസ്ഥാനപ്പെടുത്തി തരംതിരിച്ച് രൂപരേഖ തയ്യാറാക്കൽ.

→ PTA നേതൃത്വത്തിൽ പദ്ധതിരേഖ തയ്യാറാക്കി നിലവിലെ അവസ്ഥാ വിശകലനം.

## ലക്ഷ്യം:

→ പാഠ്യ പദ്ധതി നിർദ്ദേശിക്കുന്ന, കുട്ടി ആർജ്ജിക്കേണ്ട

## ആമുഖം:

രാജകുമാരി പഞ്ചായത്തിലെ ഖജനാപ്പാറ എന്ന ഗ്രാമത്തിൽ തന്നെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചരിത്രപരവും ഐതിഹ്യപരവുമായ പെരുമയേറുന്ന നാടാണിത്. ചരിത്രപ്രാധാന്യമുള്ള രാജകുമാരി ദേവമാതാ പള്ളി ഈ ഗ്രാമത്തിൽ നിന്ന് 3 കി.മീ അടുത്താണ്. സുഗന്ധവ്യഞ്ജനങ്ങളുടെ കലവറയായ ഇടുക്കിയിലെ ഉടുമ്പൻചോല താലൂക്കിൽ തന്നെ വിദ്യാലയം നിലകൊള്ളുന്നത്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം:

1976-ൽ അപ്പർ പ്രൈമറി വിദ്യാലയമായിട്ടാണ് തുടങ്ങുന്നത്. മലയാളം, തമിഴ് മീഡിയങ്ങളിൽ വിദ്യാർത്ഥികൾ പഠിക്കുന്നു. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലായി 120-ഓളം വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തുന്നു. ഇടുക്കി ജില്ലയിലെ തന്നെ തമിഴ് മീഡിയം പ്രവർത്തിക്കുന്ന ഏക ~~തമിഴ്~~ Aided UP School കൂടിയാണിത്.

ശേഷികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ഓരോ ക്ലാസിലെയും കുട്ടികൾ നേടി എന്നുറപ്പാക്കുക.

→ വിഷയങ്ങളിൽ ഊന്നിയുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് സമഗ്രവികസനം ഉറപ്പാക്കുക.

→ അന്താരാഷ്ട്ര പഠനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക.

→ എട്ടാം തരത്തിലെത്തുന്ന കുട്ടിക്ക് മാതൃഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനും കോവിഡിനുശേഷം പഠനവിടവുകൾ പരിഹരിക്കുന്നതിനും അതോടൊപ്പം ഇംഗ്ലീഷിലും ഹിന്ദിയിലും സങ്കോചം കൂടാതെ ആശയവിനിമയം നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കുക.

→ ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അതാതു ക്ലാസിനനുസരിച്ച് ആശയദൃഢതയും അഭിരുചിയും ഉണ്ടാക്കിയെടുക്കുക.

→ വിവരവിനിമയ സാങ്കേതികവിദ്യയിലെ അടിസ്ഥാനധാരണകൾക്കൊപ്പം അവയുടെ ഫലപ്രദമായ ഉപയോഗവും കുട്ടികൾ സ്വാംശീകരിച്ചു എന്നുറപ്പുവരുത്തുക.

→ ജൈവകൃഷിയിലൂടെ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

→ പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.

→ പ്രകൃതി തന്നെ പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ച് മാതൃകാ ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക.

→ സ്ത്രീ പുരുഷസമത്വം, മതേതരത്വം, മാനവികത, സൗഹൃദ ഭാവം, തിന്മകളോടും വിവേചനങ്ങളോടുമുള്ള നിലപാടുകൾ എന്നീ അടിസ്ഥാന ആശയങ്ങൾ വളർത്തുന്ന ഒരു പരിശീലനക്കളരിയായി വിദ്യാലയങ്ങൾ മാറ്റി എടുക്കുക.

→ സ്കൂളിന്റെ ഭൗതികസാഹചര്യം മാറ്റി ആകർഷകമാക്കുക.

→ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ഒരുക്കുക.

→ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

→ വായനാശീലവും ലബോറട്ടറിയും ആധുനികവൽക്കരിച്ച് സ്വയം പഠനശേഷിയും അന്വേഷണ താല്പര്യവും വർദ്ധിപ്പിക്കാം.

→ പൊതു സമൂഹത്തിന്റെ പിന്തുണ വിദ്യാലയത്തിനും, വിദ്യാലയത്തിന്റെ പിന്തുണ പൊതുസമൂഹത്തിനും ഉറപ്പാക്കുക.

## വികസനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| പ്രീ ടെസ്റ്റ്. പ്രവർത്തന പാക്കേജ്. ഫ്ലാഷ്കാർഡ്, മലയാളം ഡയറി, മലയാളം അസംബ്ലി, ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് പത്രം, ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് ഡയറി, ഹിന്ദി പരിപോഷണം, ഹിന്ദി അസംബ്ലി, സുരീലി ഹിന്ദി, ഗണിത പസിലുകൾ ഗെയിമുകൾ, ഗണിത ലാബ്, സാമൂഹ്യശാസ്ത്ര ലാബ്, പരീക്ഷണങ്ങൾ, പോസ്റ്ററുകൾ, സയൻസ് ലാബ്, പരീക്ഷണങ്ങൾ, പോസ്റ്ററുകൾ, ദിനാചരണങ്ങൾ. | ചുറ്റുമതിൽ, നവീകരിച്ച സ്കൂൾ കെട്ടിടം, മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, മാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, വിദ്യാലയ കൃഷിത്തോട്ടം, കലാവികസനം, ജൈവവൈവിധ്യ പാർക്ക്, ലബോറട്ടറി, ക്ലാസ്സ് മുറികൾ, ഉദ്യാനം, പച്ചക്കറി തോട്ടം, പൂന്തോട്ടം. | P.T.A ശക്തിപ്പെടുത്തൽ, വിദ്യാലയ വികസന സമിതി, പ്രാദേശിക P.T.A, ഭവന സന്ദർശനം, വിദ്യാലയ വിഭവങ്ങൾ പൊതു സമൂഹവുമായി പങ്കിടൽ, പൂർവ്വ വിദ്യാർത്ഥി സംഗമം, ജൈവകൃഷി വർഷ പ്രവർത്തനങ്ങൾ |

## പ്രവർത്തനം I

പേര്: എന്റെ മലയാളം.

ഉപമേഖല: മലയാള ഭാഷ.

ലക്ഷ്യം:

→ അവധിക്കാലത്തിനുശേഷം സ്കൂളിൽ എത്തിയ കുട്ടികൾക്ക് മലയാള ഭാഷ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതിനെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ.

→ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുവാൻ അവസരം ഒരുക്കൽ.

→ മലയാളം എഴുതുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി നേടൽ.

→ ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റി എഴുതുക.

→ മലയാളം എഴുതുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി നേടൽ.

→ ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുന്നത്.

പ്രവർത്തനങ്ങൾ:

→ കുട്ടികളുടെ ഭാഷ നിലവാരം പരിശോധിച്ച് വിവിധ ഗ്രൂപ്പുകളായി തരംതിരിക്കുക.

→ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ, വിതരണം എന്നിവ ശാസ്ത്രീയമാക്കൽ.

→ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം

→ പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിച്ച് അവരുടെ അനുഭവങ്ങൾ കുട്ടികളുമായി

പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ.

പ്രവർത്തന കാലാവധി: ഒരു വർഷം.

ചുമതല:

മലയാളം അധ്യാപകർ, PTA

സാമ്പത്തിക വിശകലനം:

4000/PTA.

പ്രവർത്തനം 2: My English

ഉപമേഖല: ഇംഗ്ലീഷ് ഭാഷ.

ലക്ഷ്യം:

→ കുട്ടികളിൽ ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള ശേഷി വികസിപ്പിക്കൽ.

→ വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുവാനുള്ള കഴിവ് നേടൽ.

⇒ ഇംഗ്ലീഷ് പഠനാന്തരീക്ഷം ഉണ്ടാക്കൽ.

→ തെറ്റില്ലാത്ത ഇംഗ്ലീഷ് എഴുതുവാനുള്ള കഴിവ് നേടൽ.

പ്രവർത്തനങ്ങൾ:

→ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി കൂടി പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു.

→ ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ ഇംഗ്ലീഷിൽ എഴുതുക.

→ അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം

നൽകുക.

⇒ ഇംഗ്ലീഷ് പത്രം, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ കുട്ടികൾക്ക് ധാരാളമായി നൽകുക.

ആദ്യഘട്ടം : 3 മാസം, June, July, August.

രണ്ടാംഘട്ടം : 3 മാസം- September, October, November.

ചുമതല : ഇംഗ്ലീഷ് അധ്യാപകർ.

സാമ്പത്തിക വിശകലനം:

3500/PTA Sponsership.

പ്രവർത്തനം 3.

പേര് : രാഷ്ട്രഭാഷ.

ഉപമേഖല : ഹിന്ദി.

ലക്ഷ്യം:

⇒ ഹിന്ദി പഠനം കാര്യക്ഷമമാക്കൽ.

⇒ ഭാഷ തെറ്റുകൂടാതെ എഴുതാനും, വായിക്കാനുമുള്ള കഴിവ് നേടൽ.

⇒ ഹിന്ദിഭാഷ, പഠനം വളരെ ലളിതമാക്കൽ.

⇒ ഹിന്ദി കഥാവായന, കഥാരചന, പെയിന്റിംഗ്, കവിതാരചന, പത്രവാർത്ത തയ്യാറാക്കൽ, കത്ത് തയ്യാറാക്കൽ, അനുമോദനക്കുറിപ്പ് തയ്യാറാക്കൽ, ഡയറി എഴുതൽ, സംഭാഷണം തയ്യാറാക്കൽ.

⇒ ഹിന്ദി സിനിമ കാണൽ, വാർത്തകൾ കേൾക്കുവാനുള്ള അവസരം.

⇒ ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപമാക്കി മാറ്റി എഴുതൽ.

ഹിന്ദി സിനിമ ഗാനങ്ങൾ, വാർത്തകൾ കേൾക്കുവാനുള്ള അവസരം.

കാലഘട്ടം : മൂന്ന് മാസം.

ചുമതല : ഹിന്ദി അധ്യാപകർ.

സാമ്പത്തിക വിശകലനം:

Rs. 3000/PTA

## പ്രവർത്തനം 4.

പേര് : ജൈവവൈവിധ്യ പാർക്ക്.

മേഖല : അക്കാദമികം.

ലക്ഷ്യം:

→ പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക.

→ കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ.

പ്രവർത്തനങ്ങൾ:

→ സ്കൂളിൽ ലഭ്യമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ.

→ വിദ്യാലയത്തിൽ സൗന്ദര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ.

ചുമതല.

SRG

പ്രവർത്തനം 5.

പേര് : കായികപരിശീലനം, യോഗ പരിശീലനം.

പ്രവർത്തനങ്ങൾ:

→ രാവിലെയും വൈകുന്നേരവും കായികപരിശീലനം.
→ യോഗ പരിശീലനം.

കാലം.

ആഴ്ചയിൽ രണ്ടു ദിവസം.

ചുമതല.

അധ്യാപകർ.

പ്രവർത്തനം 6.

പേര് : ശാസ്ത്രലാബ്.

ഉപമേഖല : അടിസ്ഥാനശാസ്ത്രം.

ലക്ഷ്യം:

→ ശാസ്ത്രപഠനം കൂടുതൽ കാര്യക്ഷമമാക്കൽ.
→ പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നത്.
→ ശാസ്ത്രലോകത്തേക്കുള്ള പ്രവേശനം.
→ ശാസ്ത്ര അറിവുകൾ വരുംതലമുറയെ അറിയിക്കൽ.

പ്രവർത്തനങ്ങൾ:

→ പാഠ്യപുസ്തകം അടിസ്ഥാനമാക്കിയുള്ള ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുക.
→ ശാസ്ത്ര പുസ്തകങ്ങൾ, ഉപകരണങ്ങൾ, മാസികകൾ ശേഖരിച്ച് ഒരുക്കൽ.

കാലയളവ് : വർഷത്തിൽ ഒന്ന്.

ചുമതല : സയൻസ് ക്ലബ്.

പ്രവർത്തനം 7:

പേര് : സാമൂഹ്യ ശാസ്ത്ര ലാബ് നവീകരിക്കൽ.

മേഖല: സാമൂഹ്യശാസ്ത്രം.

ലക്ഷ്യം:

→ സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമമാക്കൽ.
→ പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നത്.
→ സാമൂഹ്യശാസ്ത്ര ലോകത്തിലേക്കുള്ള പ്രവേശനം.
→ സാമൂഹ്യ ശാസ്ത്ര അറിവുകൾ മറ്റുള്ളവരെ അറിയിക്കൽ.

പ്രവർത്തനങ്ങൾ:

→ സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം.
→ സാമൂഹ്യശാസ്ത്ര വസ്തുക്കൾ, ഉപകരണങ്ങൾ, മാസികകൾ ശേഖരിച്ച് ഒരുക്കൽ.
→ സ്കൂൾ തല ശാസ്ത്രമേളകളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം.
→ സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെപ്പറ്റി സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ.

ചുമതല:

സാമൂഹ്യശാസ്ത്ര ക്ലബ്.

## പ്രവർത്തനം 8.

പേര് : ഗണിതം മധുരം.

ഉപമേഖല : ഗണിതം.

ലക്ഷ്യം:

→ ഗണിതം ആസ്വാദ്യകരമാക്കുക.

→ ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന വിവരങ്ങൾ എളുപ്പമായി പഠിക്കുക.

→ ജ്യാമിതീയ രൂപങ്ങൾ മനസ്സിലാക്കുക.

പ്രവർത്തനങ്ങൾ:

→ ഗണിതലാബ് നിർമ്മാണം, ചാർട്ടിൽ ക്ലാസ്സ് നടത്തൽ.

→ വിവിധ ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള പഠനം.

→ ജ്യാമിതീയ രൂപങ്ങൾക്ക് (പ്രാധാന്യം നൽകി) വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ.

ഉപാധി:

ഗണിത ക്ലബ്ബ്.